റോഡുകളിലെ കുഴികൾ അടയ്ക്കാനുള്ള നടപടികൾ

20 (*80) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഇത്തരത്തിൽ കുഴിയടയ്ക്കൽ പദ്ധതി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് ;

(ഡി) അടച്ച കുഴികൾ വീണ്ടുംഇളകി വൻകുഴികളായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?

(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത് ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) പദ്ധതിയിതര പ്രവർത്തിയിലുൾപ്പെടുത്തി 240 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉത്തരവായി. ഈ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ അടയ്ക്കുന്നതിന് എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും 50,000 രൂപയുടെ ഇംപ്രസ്റ്റ്മണി അനുവദിച്ചു.

(ബി - ഇ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതിലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് പദ്ധതി

21 (*81) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'രാജീവ് ഗാന്ധി സ്കീം

LIBRARY ARCHIVES Kerala Legislative Assembly

ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പെൺകുട്ടികൾക്ക് മാത്രമായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിലെ ഏതൊക്കെ സ്കൂളുകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കിക്കഴിഞ്ഞു എന്നറിയിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) പ്രസ്തുത പദ്ധതി പ്രകാരം സ്ക്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 4 ജില്ലകളിലെ (പാലക്കാട്, മലപ്പുറം, ഇടുക്കി, കൊല്ലം) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രതിദിനം 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും മൈക്രോ ന്യൂട്രിയന്റ് ഉൾപ്പെടെ പോഷകാഹാരം വർഷത്തിൽ 300 ദിവസം നൽകുവാനും 11-15 വയസ്സുവരെ പ്രായമുള്ള സ്ക്കൂൾ ഡ്രോപ്പ്ഔട്ടായ പെൺകുട്ടികൾക്ക് പാകംചെയ്ത പോഷകാഹാരവും 15-18 വയസ്സുവരെയുള്ള പെൺകുട്ടികൾ ടേക്ക്ഹോം റേഷൻ പ്രകാരം പാകം ചെയ്യാത്ത പോഷകാഹാരവും അംഗൻവാടികൾ മുഖേന നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ 6-12-2010-ലെ ജി.ഒ (ആർ.റ്റി)523/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

1. ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിലുള്ള സംവിധാനം വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

2. ഐ.സി.ഡി.എസ്സിലെയും ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി സംസ്ഥാന/ജില്ല/ പ്രോജക്ട് തലത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.

3. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ബേസ് ലൈൻ സർവ്വേ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

4. ഐ.ഇ.സി. മെറ്റീരിയിൽ വികസിപ്പിച്ച് പ്രസ്തുത പദ്ധതിയെക്കുറിച്ച് അവബോധം/പ്രചരണം നടത്തുക.

5. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കുക.

6. പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള വിവിധ സേവനങ്ങൾക്കായി സി.ഡി.പി.ഒ/ഡി.പി.ഒ എന്നിവരുമായി ചർച്ച ചെയ്ത് എം.എൻ.ജി.ഒ/എൻ.ജി.ഒ/സി.ബി.ഒ എന്നിവരെ തെരഞ്ഞെടുക്കുക.

7. ഓരോ ഘട്ടത്തിലുമുള്ള പ്രസ്തുത പദ്ധതിയുടെ ക്രമമായ നടത്തിപ്പ് ഓരോ നിലയിലും യഥാസമയം വിലയിരുത്തുകയും, പദ്ധതിയുടെ പ്രയോജനം നിർണ്ണയിക്കുകയും ചെയ്യുക.

8. മോണിറ്ററിംഗ് കമ്മറ്റികൾ എല്ലാ തലത്തിലും രൂപീകരിക്കുക.

(ഡി) 'സബല' പദ്ധതി സ്ക്കൂളുകൾ മുഖേന നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ സ്ക്കൂളുകളിൽ പഠിക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികളെക്കൂടി ഭാഗഭാക്കാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

സ്കൂളുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

22 (*82) ശ്രീ. പി. തിലോത്തമൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്കൂളുകൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി മുഴുവൻ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ സർക്കാർ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ളം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly